"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - ബി.ഐ.എഫ് & എച്ച്.ഡി.എഫ് 2017-18 ഭവന നിർമ്മാണ പദ്ധതി (50 മീറ്റർ പുനരധിവാസം) പ്രകാരം ശ്രീ. രവീന്ദ്രൻ, പാണ്ടികശാല വളപ്പിൽ, കണ്ണൂക്കര എന്ന ഗുണഭോക്താവിന് മൂന്നാം ഗഡു തുകയായ 1,50,000/- രൂപ 4405-00-103-93 (പ്ലാൻ) ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.236/2026/F&P തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 02/03/2026-ലെ DFTVM/710/2026-N1 നമ്പർ കത്ത്.

**ഉത്തരവ്**

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം (2017-18) പദ്ധതിയിനത്തിൽ മത്സ്യത്തൊഴിലാളികളുടെ പാർപ്പിട സൗകര്യത്തിനായി ഗ്രീൻബുക്ക് - ബി.ഐ.എഫ് & എച്ച്.ഡി.എഫ് 4405-00-103-93 (പ്ലാൻ) ശീർഷകത്തിൽ കോഴിക്കോട് ജില്ലയ്ക്ക് ആകെ 624 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആദ്യഘട്ടമായി 156 യൂണിറ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും, പിന്നീട് യൂണിറ്റ് എണ്ണം 112 ആയി പുതുക്കി നിശ്ചയിക്കുകയും, അപേക്ഷകരുടെ കുറവ് മൂലം അനുവദിച്ച യൂണിറ്റുകളിൽ നിന്നും ചിലത് മറ്റ് ജില്ലകളിലേക്ക് മാറ്റി നൽകുകയും ചെയ്തതായും ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയ്ക്ക് അനുവദിക്കപ്പെട്ട 11 യൂണിറ്റുകളിൽ ഒരാൾ പിന്മാറി, ബാക്കിയുള്ള 10 യൂണിറ്റുകളിൽ 9 പേർക്കും 4 ലക്ഷം രൂപ വീതം അനുവദിച്ചതായും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ഒരു ഗുണഭോക്താവായ ശ്രീ. രവീന്ദ്രൻ, പാണ്ടികശാല വളപ്പിൽ, കണ്ണൂക്കര, രണ്ടാം ഘട്ട തുക സ്വീകരിച്ച് മൂന്നാം ഘട്ടം പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസമെടുത്തതായും, 17.01.2020-ന് ടിയാൻ മത്സ്യഭവൻ ഓഫീസർ മുഖേന മൂന്നാം ഘട്ട തുകയായ 1,50,000/- രൂപ അനുവദിക്കുന്നതിന് സാക്ഷ്യപത്രം സമർപ്പിച്ചിരുന്നുവെങ്കിലും, അതിനു മുൻപ് തന്നെ ടി ശീർഷകത്തിൽ ശേഷിച്ച തുക സറണ്ടർ ചെയ്ത് പോയിരുന്നതായും, ടിയാന്റെ അപേക്ഷ ലഭ്യമായ സമയത്ത് പദ്ധതി ശീർഷകത്തിൽ തുക ലഭ്യമല്ലാതിരുന്നതിനാൽ ആയത് അനുവദിച്ച് നൽകിയിട്ടില്ലെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ ശീർഷകത്തിൽ തുക ലഭ്യമായതിനാൽ ടിയാന് മൂന്നാം ഗഡു തുക അനുവദിച്ചു നൽകാൻ കഴിയുന്നതാണെന്നും, ആയതിനാൽ, ഗ്രീൻബുക്ക് - ബി.ഐ.എഫ് & എച്ച്.ഡി.എഫ് 2017-18 ഭവന നിർമ്മാണ പദ്ധതി (50 മീറ്റർ പുനരധിവാസം) പ്രകാരം ശ്രീ. രവീന്ദ്രൻ, പാണ്ടികശാല വളപ്പിൽ, കണ്ണൂക്കര എന്ന ഗുണഭോക്താവിന് അനുവദിക്കേണ്ട മൂന്നാം ഗഡു തുകയായ 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) 4405-00-103-93 (പ്ലാൻ)

ശീർഷകത്തിൽ നിന്ന് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബി.ഐ.എഫ് & എച്ച്.ഡി.എഫ് 2017-18 ഭവന നിർമ്മാണ പദ്ധതി (50 മീറ്റർ പുനരധിവാസം) പ്രകാരം ശ്രീ. രവീന്ദ്രൻ, പാണ്ടികശാല വളപ്പിൽ, കണ്ണൂക്കര എന്ന ഗുണഭോക്താവിന് മൂന്നാം ഗഡു തുകയായ 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) പദ്ധതിയുടെ മാർഗനിർദേശങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയശേഷം 4405-00-103-93 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAMEER KUMAR O J

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ (ഡബ്ല്യു.സി.ഡി) വകുപ്പ്. (No.3446472/WCD-2/79/2026-FIN തീയതി, 12/03/2026 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി2/92/2026/മതുവ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 13-03-2026 13:01:38